കേരള സർക്കാർ


# nCORONA VIRUS OUTBREAK CONTROL AND PREVENTION STATE CELL
## HEALTH & FAMILY WELFARE DEPARTMENT
## GOVT. OF KERALA

**Landline:** 0471-2302160 **Mobile:** 9072315151
**Website:** www.dhs.kerala.gov.in **Email:** *controlroomdhskerala@gmail.com*


## വീടുകളിൽ നിരീക്ഷണത്തിലുള്ളവർക്ക് സമർപ്പിക്കുന്നു

**ഇറ്റലിയിലും ഇറാനിലും പുതിയ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതും രോഗം വ്യാപിക്കുന്നതും കണക്കിലെടുത്ത് ചൈന, ഹോങ്കോംഗ്, തായ്‌ലൻഡ്, സിംഗപ്പൂർ, ജപ്പാൻ, ദക്ഷിണ കൊറിയ, വിയറ്റ്നാം, നേപ്പാൾ, ഇന്തോനേഷ്യ, മലേഷ്യ എന്നിവയ്ക്ക് പുറമേ ഇറാൻ, ഇറ്റലി എന്നിവിടങ്ങളിൽ നിന്ന് നേരിട്ടുള്ള ഫ്ലൈറ്റുകളിലൂടെ വരുന്ന യാത്രക്കാരെ കൂടി പരിശോധിക്കാൻ തീരുമാനിച്ചു. ഈ രാജ്യങ്ങളിൽ നിന്നും വരുന്ന എല്ലാ ആളുകളും നിർദ്ദേശങ്ങൾ പാലിക്കണം. റിപ്പബ്ലിക് ഓഫ് കൊറിയ, ഇറാൻ, ഇറ്റലി എന്നിവിടങ്ങളിൽ നിന്ന് വരുന്നവരോ 2020 ഫെബ്രുവരി 10 മുതൽ അത്തരം യാത്രാ ചരിത്രമുള്ളവരോ ഇന്ത്യയിലെത്തുമ്പോൾ 14 ദിവസത്തേക്ക് നിരീക്ഷണത്തിൽ തുടരേണ്ടതാണ്. രോഗ ലക്ഷണമില്ലാത്തവർ 14 ദിവസം വീടുകളിൽ നിരീക്ഷണത്തിൽ തുടരണം. രോഗലക്ഷണമുള്ളവർ ജില്ലകളിലെ ഐസോലേഷൻ സൗകര്യമുള്ള ആശുപത്രികളുമായി ബന്ധപ്പെടണം.**

## തീയതി: 01/03/2020

54 ലോക രാജ്യങ്ങളിൽ കോവിഡ്-19 രോഗം പടർന്നു പിടിക്കുന്നതിനാൽ ലോകാരോഗ്യ സംഘടന പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ രോഗബാധയ്ക്കെതിരെ ജാഗ്രതയും നിരീക്ഷണവും ശക്തിപ്പെടുത്തി. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 206 പേർ നിരീക്ഷണത്തിലാണ് . ഇവരിൽ 193 പേർ വീടുകളിലും, 13 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയാസ്പദമായവരുടെ 488 സാമ്പിളുകൾ എൻ. ഐ. വി യിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ 471 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റിവ് ആണ്. നിലവിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ആരുടേയും ആരോഗ്യനിലയിൽ ആശങ്കയ്ക്ക് വകയില്ല.

കോവിഡ്-19 രോഗബാധയ്ക്കെതിരെ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നതിനാൽ ജനങ്ങൾ വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും പാലിക്കേണ്ടതാണ്. തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും വായും, മൂക്കും തുവാല കൊണ്ട് മൂടേണ്ടതും, ഇടയ്ക്കിടെ കൈകൾ സോപ്പും, വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതുമാണ്. രോഗബാധിത പ്രദേശങ്ങളിൽ നിന്നും മടങ്ങിയെത്തിയവർ 19/02/2020 ലെ പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വീടുകളിൽ തന്നെ തുടരേണ്ടതും പൊതു ഇടങ്ങൾ സന്ദർശിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്. (Home Isolation)

## അനുബന്ധ പ്രവർത്തനങ്ങൾ

- ആരോഗ്യ വകുപ്പ് ജീവനക്കാർക്കും മറ്റ് ഇതര വകുപ്പ് ജീവനക്കാർക്കും വേണ്ട 46 പരിശീലന സഹായികൾ വിഡിയോ രൂപത്തിൽ തയ്യാറാക്കി “കേരള ഹെൽത്ത് ഓൺലൈൻ ട്രെയിനിംഗ്” എന്ന ആരോഗ്യവകുപ്പിന്റെ യൂട്യൂബ് ചാനലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (https://www.youtube.com/c/keralahealthonlinetraining).

- സംസ്ഥാന കൺട്രോൾ റൂമും ജില്ല കൺട്രോൾ റൂമുകളും തമ്മിൽ പ്രാധാന്യമേറിയ വിവരങ്ങൾ കൈമാറുന്നതിനും വിശകലനം ചെയ്യുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
- സംസ്ഥാന തലത്തിലും എല്ലാ ജില്ലകളിലും അവശ്യ മാനവവിഭവശേഷി ഉറപ്പ് വരുത്താനായുള്ള ടീമുകളെ വിന്യസിച്ചു. വിമാനത്താവള നിരീക്ഷണത്തിനും, ആശുപത്രി നിരീക്ഷണത്തിനും ഗതാഗത സംവിധാനം ഉറപ്പ് വരുത്താനും വേണ്ട മാനവവിഭവശേഷി എല്ലാ ജില്ലകളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്.
- എല്ലാ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മതിയായ ഭൗതിക സാഹചര്യങ്ങളും പ്രത്യേക ചികിത്സാ സൗകര്യങ്ങളും ഉറപ്പ് വരുത്തിയിട്ടുണ്ട്.
- കൊറോണാ വൈറസ് രോഗബാധ സംശയിക്കുന്ന കുടുംബങ്ങൾക്ക് മാനസിക പിന്തുണ പ്രദാനം ചെയ്യുന്നതിന് വേണ്ടി സംസ്ഥാനത്തൊട്ടാകെ 215 അംഗങ്ങളെ വിവിധ ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്. 3646 ടെലിഫോണിക്ക് കൌൺസിലിംഗ് സേവനങ്ങൾ ഇത് വരെ ലഭ്യമാക്കി.

| ജില്ല | ആകെ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | വീട്ടുകളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ആശുപത്രികളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | നിരീക്ഷണത്തിൽ നിന്നും ഇന്ന് ഒഴിവാക്കിയവരുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 32 | 30 | 2 | 0 |
| കൊല്ലം | 6 | 5 | 1 | 0 |
| പത്തനംതിട്ട | 1 | 1 | 0 | 2 |
| ഇടുക്കി | 3 | 3 | 0 | 0 |
| കോട്ടയം | 28 | 28 | 0 | 0 |
| ആലപ്പുഴ | 6 | 6 | 0 | 2 |
| എറണാകുളം | 50 | 48 | 2 | 0 |
| തൃശ്ശൂർ | 44 | 39 | 5 | 1 |
| പാലക്കാട് | 2 | 2 | 0 | 0 |
| മലപ്പുറം | 2 | 1 | 1 | 4 |
| കോഴിക്കോട് | 8 | 7 | 1 | 0 |
| വയനാട് | 0 | 0 | 0 | 0 |
| കണ്ണൂർ | 9 | 9 | 0 | 0 |
| കാസർഗോഡ് | 15 | 14 | 1 | 0 |
| ആകെ | **206** | **193** | **13** | **9** |

---